## പതിമൂന്നാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5409 — 01.07.2014 ലെ മറുപടിയ്ക്ക്

### കെ. എസ്. എഫ്. ഇ. യുടെ പുതിയ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഉമ്മർ :<br>ശ്രീ. സി. മോയിൻകുട്ടി :<br>ശ്രീ. പി. കെ. ബഷീർ :<br>ശ്രീ. കെ. എം. ഷാജി : | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |

(എ) കെ.എസ്.എഫ്.ഇ.യുടെ സാമ്പത്തിക അടിത്തറ ഭദ്രമാക്കി നിലനിർത്താൻ പുതിയ പദ്ധതികൾ ആലോചന യിലുണ്ടോ; എങ്കിൽ വിശദമാക്കുമോ ;

(എ) കെ.എസ്.എഫ്.ഇ.യുടെ സാമ്പത്തിക അടിത്തറ ഭദ്രമാണ്. 2012-13 ലെ (ഓഡിറ്റിന് വിധേയമായി) കണക്കനുസരിച്ച് അറ്റാസ്തി 248 കോടി രൂപയാണ്. പ്രധാന ബിസിനസ്സായ ചിട്ടിയോടൊപ്പം വായ്പാ പദ്ധതികൾ ക്കുകൂടി പ്രാധാന്യം നൽകികൊണ്ടും കുടിശ്ശിക ഊർജ്ജിതമായി പിരിച്ചെടുത്തും, കൂടുതൽ ശാഖകൾ ആരംഭിച്ചും, പുത്തൻ വിവര സാങ്കേതിക വിദ്യകൾ നടപ്പാക്കികൊണ്ടും സമഗ്രമായ വികസനത്തിലൂടെ ഈ അടിത്തറ ഊട്ടിയുറപ്പിക്കാനാണ് പദ്ധതിയിട്ടിട്ടുള്ളത്.

(ബി) കെ.എസ്.എഫ്.ഇ.യുടെ പ്രതിവർഷ ശരാശരി വരവും ചെലവും സംബന്ധിച്ച് വിശദമാക്കുമോ ;

(ബി) 2012-13ലെ (ഓഡിറ്റിന് വിധേയം) കണക്കുപ്രകാരം ആകെ 1042 കോടി രൂപ വരവും 927 കോടി രൂപ ചെലവും ആണ് കണക്കാക്കിയിട്ടുള്ളത്.

(സി) സാധാരണക്കാരെ ബ്ലേഡ് പലിശക്കാരുടെ കെണിയിൽ നിന്നും രക്ഷിക്കാനുതകുന്ന വായ്പാ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കാൻ ശ്രദ്ധിക്കുമോ ?

(സി) കെ.എസ്.എഫ്.ഇ. യുടെ വായ്പാ പദ്ധതികളായ സ്വർണ്ണപ്പണയ വായ്പ, ഗൃഹോപകരണ - വാഹന വായ്പ, ഭവന വായ്പ, വ്യക്തിഗത വായ്പ, എന്നീ പദ്ധതികൾക്ക് കൂടുതൽ ഊന്നൽ നൽകി, ഇത് സാധാരണ ജനങ്ങൾക്ക് ബ്ലേഡ് പലിശക്കാരുടെ കെണിയിൽപെടാതെ വിവിധ സാമ്പത്തികാവശ്യങ്ങൾ നിറവേറ്റാൻ ഉതകുന്നതാണ് എന്ന് ബോദ്ധ്യപ്പെടുത്തി അവരെ കെ.എസ്.എഫ്.ഇ.യുടെ ഉപഭോക്താക്കളാക്കാൻ കമ്പനി തീവ്രമായി ശ്രമിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ